**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.729 29/11/2018 ൽ മറുപടിയ്ക്ക്

## സഹകരണ സ്ഥാപനങ്ങളിൽ നിന്നും പ്രളയ ദുരിതാശ്വാസം

| ചോദ്യം<br>ശ്രീ. വി.കെ.സി.മമ്മത് കോയ | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | പ്രളയ ദുരിതാശ്വാസത്തിന്റെയും പുനർനിർമ്മാണത്തിന്റെയും ഭാഗമായി കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിൽനിന്നും ലഭ്യമായ തുകയുടെ കണക്കുകൾ ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ; | എ) | ലഭ്യമാണ്. ലഭ്യമായ തുക ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.<br>1. തിരുവനന്തപുരം–8,51,59,556/-രൂപ<br>2. കൊല്ലം – 6,36,38,427/- രൂപ<br>3. പത്തനംതിട്ട – 96,67,500/- രൂപ<br>4. ആലപ്പുഴ – 4,07,71,000/- രൂപ<br>5. കോട്ടയം – 6,37,33,714/- രൂപ<br>6. ഇടുക്കി – 4,27,10,054/- രൂപ<br>7. എറണാകുളം –19,25,36,210/-രൂപ<br>8. തൃശ്ശൂർ - 12,79,88,533/- രൂപ<br>9. പാലക്കാട് – 17,13,15,686.98 രൂപ<br>10. മലപ്പുറം – 8,34,29,275/- രൂപ<br>11. കോഴിക്കോട്–15,33,98,288/- രൂപ<br>12. വയനാട് – 77,90,666/- രൂപ<br>13. കണ്ണൂർ - 15,21,24,737/- രൂപ<br>14. കാസർഗോഡ്-3,55,27,336/- രൂപ |
| ബി) | സഹകരണ സ്ഥാപനങ്ങൾ പ്രളയക്കെടുതിയിൽപ്പെട്ടവർക്ക് വാസഗൃഹങ്ങൾ നിർമ്മിച്ച് നൽകുന്നുണ്ടോ; വിശദാംശം നൽകുമോ? | ബി) | സഹകരണ സ്ഥാപനങ്ങൾ പ്രളയ കെടുതിയിൽപ്പെട്ടവർക്ക് ഒന്നാം ഘട്ടമായി 2000 വീടുകൾ നിർമ്മിച്ച് നൽകുന്നുണ്ട്. വീടുകൾ നിർമ്മിച്ച് നൽകുന്നതിന് സാമ്പത്തിക ഭദ്രതയുള്ള സഹകരണ സംഘങ്ങളെയാണ് നിർമ്മാണ ചുമതല ഏൽപ്പിക്കുന്നത്. അതാത് പ്രദേശത്തെ സാഹചര്യം, ഭൂമിയുടെ ഘടന, ലഭ്യത, ഗുണഭോക്താവിന്റെ താൽപര്യം, സാമ്പത്തിക സ്ഥിതി എന്നിവയ്ക്ക് അനുസരിച്ച് വീടിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിൽ എഞ്ചിനീയറിംഗ് വിദഗ്ധർ, എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾ എന്നിവരുടെ സേവനം ലഭ്യമാക്കി, വീടിന്റെ വിസ്തൃതി 500 ചതുരശ്ര അടിയിൽ കുറയാൻ പാടില്ലയെന്ന വ്യവസ്ഥയിൽ നിർമ്മാണം ആരംഭിച്ച് മൂന്നു മാസത്തിനകം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ